## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ

## തിരുവനന്തപുരം, നടപടിക്രമം

---

| | |
|---|---|
| വിഷയം:- | ആവഡ-ജീവനക്കാര്യം-ഇ.എൻ.ടി വിഭാഗം ജൂനിയർ കൺസൽട്ടൻറ്, ഡോ.രമ്യ.ടി.ആർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യുണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ(ഇ.കെ.എം) 1424 / 24നമ്പർ കേസിന്മേലുള്ള 29/10/2024-ലെ ഉത്തരവ് അനുപാലിച്ചു കൊണ്ട് ഉത്തരവ്- പുറപ്പെടുവിക്കുന്നു. |
| പരാമർശം:- | 1. ഒ.എ(ഇ.കെ.എം)1424 /24നമ്പർ കേസിന്മേലുള്ള 29/10/2024-ലെ ഉത്തരവ്<br>2. ഇ.എൻ.ടി വിഭാഗം ജൂനിയർ കൺസൽട്ടൻറ് ഡോ.രമ്യ.ടി.ആർ സമർപ്പിച്ച Annexure A5 പ്രകാരമുള്ള 09/10/2024-ലെ നിവേദനം.<br>3.സ.ഉ(സാധാ)നം.1877/2024/ആ.കു.വ തീയതി 07/8/2024 |

**ഉത്തരവ് നം:ആവഡ/25772/2024-ഇ.ബി4 തീയതി: 18-12-2024**

---

ഇ.എൻ.ടി വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലെ 2024പൊതുസ്ഥലമാറ്റവുമായി ബന്ധപ്പെട്ട ജൂനിയർ കൺസൽട്ടന്റ് (ഇ.എൻ.ടി) ഡോ.രമ്യ.ടി.ആർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം മുമ്പാകെ OA (ഇ.കെ.എം) 1424/24 നമ്പർ

കേസ് ഫയൽ ചെയ്തിരുന്നു. ആയതിന്മേൽ അപേക്ഷക സമർപ്പിച്ചിട്ടുള്ള **Annexure A5** പ്രകാരമുള്ള അപേക്ഷ രണ്ടാം റെസ്പോൺഡെൻ്റ് ആയ ആരോഗ്യ വകുപ്പ് ഡയറക്ടർ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യുണൽ പരാമർശം(1)പ്രകാരമുള്ള വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

2. പരാമർശം(2)ലെ **Annexure A5** നിവേദനത്തിൽ താഴെപ്പറയുന്ന വാദങ്ങളാണ് ഹർജിക്കാരി ഉന്നയിച്ചിരിക്കുന്നത്.

**(എ).** താൻ 2024പൊതുസ്ഥലം മാറ്റത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. 3 വർഷമായി തലശ്ശേരി ജനറൽ ആശുപത്രിയിൽ ജൂനിയർ കൺസൽട്ടൻറ് (ഇ.എൻ.ടി) തസ്തികയിൽ സേവനമനുഷ്ഠിക്കുന്നു. 2024ലെ പൊതുസ്ഥലമാറ്റത്തിൽ ജില്ലാ ആശുപത്രി വടകരയിലേക്ക് ഓപ്ഷൻ നൽകിയിരുന്നു. പൊതുസ്ഥലമാറ്റത്തിന്റെ കരട് പട്ടികയിൽ തനിക്ക് വടകര ജില്ലാ ആശുപത്രി അലോട്ട് ചെയ്തിരുന്നു.എന്നാൽ പൊതുസ്ഥലമാറ്റത്തിന്റെ അന്തിമ പട്ടികയിൽ താൻ opt ചെയ്യാതിരുന്ന നാദാപുരം താലൂക്കാശുപത്രിയിലേക്കാണ് സ്ഥലമാറ്റം ലഭിച്ചത്.

**(ബി). തന്റെ** മാതാവ് Renal Transplant Recipient, Post Angioplasty Patient ആണ്. ആയതിനാൽ മാതാവിന് തന്റെ സാമീപ്യം ആവശ്യമാണ്. ഇ.എൻ.ടി വിഭാഗം കൺസൽട്ടൻറ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം മുഖേന വടകര ജില്ലാ ആശുപത്രിയിൽ ഇ.എൻ.ടി വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ ഒരു ഒഴിവ് ഉടൻ നിലവിൽ വരും. ടി ഒഴിവിലേക്ക് അപേക്ഷകയെ പരിഗണിക്കണമെന്നതാണ് അപേക്ഷകയുടെ ആവശ്യം.

3. മേൽപ്പറഞ്ഞവാദഗതികൾ വിശദമായി പരിശോധിച്ചു.

22/2/2021 മുതൽ തലശ്ശേരി ജനറൽ ആശുപത്രിയിൽ ഇ.എൻ.ടി വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ഹർജിക്കാരിയായ ഡോ.രമ്യ.ടി.ആർ 2024 പൊതുസ്ഥലമാറ്റത്തിൽ ഒരു

ഓപ്ഷൻ മാത്രമാണ് സമർപ്പിച്ചിരുന്നത്.(ജില്ലാ ആശുപത്രി,വടകര). 2024 പൊതു സ്ഥലമാറ്റത്തിന്റെ കരട് പട്ടിക തയ്യാറാക്കിയ സമയത്ത് ജില്ലാ ആശുപത്രി വടകരയിലേക്ക് ഡോ.രമ്യ.ടി.ആർ ആയിരുന്നു അർഹയായി കണ്ടത്. എന്നാൽ പൊതുസ്ഥല മാറ്റത്തിന്റെ കരട് പട്ടികയിന്മേലുള്ള ഹർജി പരിശോധിക്കുന്ന വേളയിൽ compassionate ground പരിഗണിച്ച് ഡോ.സിന്ധു തെരേസമാമച്ചന് ജില്ലാ ആശുപത്രി വടകരയിൽ സ്ഥലമാറ്റം നൽകേണ്ടി വന്നു. ആയതിനാൽ ആണ് ഡോ.രമ്യ.ടി.ആർ നെ ടിയാൽ സമർപ്പിച്ച ഒരു ഓപ്ഷൻ മാത്രമായ ജില്ലാ ആശുപത്രി വടകരയിലേക്ക് പരിഗണിക്കാതിരുന്നത്. ടിയാളുടെ  മാതാവ് Renal Transplant Recipient, Post Angioplasty Patientആണെന്ന് നിവേദനത്തിൽ പറഞ്ഞിട്ടുണ്ട് എങ്കിലും പൊതുസ്ഥല മാറ്റത്തിനായുള്ള മാനദണ്ഡം നിശ്ചയിച്ചിരിക്കുന്ന GO(P) No.03/2017/P&ARD dtd 25/02/2017- പ്രകാരം ഈ അസുഖം കണക്കിലെടുത്ത് ട്രാൻസ്ഫറിന് മുൻഗണന നല്കുവാൻ കഴിയില്ല.  ഇ.എൻ.ടി വിഭാഗം കൺസൽട്ടൻറ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം മുഖേന വടകര ജില്ലാ ആശുപത്രിയിൽ ഇ.എൻ.ടി വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നു. 2023പൊതുസ്ഥലമാറ്റത്തിൽ ഇ.എൻ.ടി വിഭാഗം ജൂനിയർ കൺസൾട്ടൻ്റ് ഡോ.വി.കെ ശ്യാം-നെ കൽപ്പറ്റ ജനറൽ ആശുപത്രി യിലേക്ക് നൽകിയ സ്ഥലമാറ്റം നിർബന്ധിത സ്ഥലമാറ്റത്തിന്റെപട്ടികയിൽപ്പെടുന്നതാകയാൽ അപേക്ഷകൻ നിർബന്ധിത സ്ഥലംമാറ്റത്തിന്റെ കാലയളവ് പൂർത്തിയാക്കിയിട്ടുള്ള പക്ഷം 2024പൊതുസ്ഥലംമാറ്റത്തിൽ ടിയാൻ സ്ഥലംമാറ്റത്തിനായി ഓപ്ഷൻ നൽകുന്ന പക്ഷം മാന ദണ്ഡ പ്രകാരമുള്ള മുൻഗണന നൽകി പരിഗണിക്കണമെന്ന് പരാമർശം 3 പ്രകാരം സർക്കാർ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. 2024 പൊതുസ്ഥലംമാറ്റത്തിൽ ഡോ.ശ്യാം.വി.കെ യുടെ ഒന്നാമത്തെ ഓപ്ഷൻ ജില്ലാ ആശുപത്രി വടകര ആയിരുന്നു. ടി ഒഴിവിലേക്ക് ഡോ.രമ്യ.ടി.ആർ നേക്കാളും സ്റ്റേഷൻ സീനിയോറിറ്റി കൂടുതലുള്ള ഡോ.ശ്യാം.വി.കെ യെ വടകര ജില്ലാ ആശുപത്രിയിലെ ഒഴിവിൽ പരിഗണിച്ചിട്ടുണ്ട്. മാത്രവുമല്ല ഡോ.രമ്യ.ടി.ആർ ഒരു ഓപഷൻ മാത്രമാണ് സമർപ്പിച്ചിരിക്കുന്നത്. അപേക്ഷക നിലവിൽ

സേവനമനുഷ്ഠിക്കുന്ന നാദാപുരം താലൂക്കാശുപത്രിയും വടകര ജില്ലാ ആശുപത്രിയും **14.9** കിലോ മീറ്റർ ചുറ്റളവിലാണ് സ്ഥിതി ചെയ്യുന്നത്.ട്രാൻസ്ഫർ നോംമ്സ് പ്രകാരം അവകൾ രണ്ടും **same station** സർവീസ് ആയി മാത്രമേ കണക്കാക്കുവാൻ കഴിയുകയുള്ളൂ.

**5..** പ്രസ്തുത സാഹചര്യത്തിൽ ഡോ.രമ്യ.ടി.ആർ ന് വടകര ജില്ലാ ആശുപത്രിയിൽ സ്ഥലമാറ്റം നൽകുവാൻ നിർവാഹമില്ല.ആയതിനാൽ ടിയാൾ സമർപ്പിച്ച **Annexure A5** ഹർജിയിലെ ആവശ്യം നിരസിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

**6.** ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ **OA(EKM) No. 1424/24** നം.കേസിന്മേലുള്ള പരാമർശം **(1)**വിധിന്യായം ഇപ്രകാരം അനുപാലിച്ചു കൊള്ളുന്നു.

Signed by
Reena K J
Date: 18-12-2024 17:15:04

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

ഡോ.രമ്യ.ടി.ആർ,ജൂനിയർ കൺസൽട്ടൻറ് (ഇ.എൻ.ടി),
താലൂക്കാശുപത്രി, നാദാപുരം,കോഴിക്കോട്

പകർപ്പ്:-

**1.**അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
**2.** ജില്ലാ മെഡിക്കൽ ഓഫീസർ,കോഴിക്കോട്